## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7473 | 17.7.2012-ൽ മറുപടിയ്ക്ക്

'കിസാൻ അഭിയാൻ ' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'കിസാൻ അഭിയാൻ' പദ്ധതിയനുസരിച്ച് എത്ര പേർക്കാണ് പെൻഷൻ നൽകിയിരുന്നതെന്ന് അറിയിക്കാമോ ; | (എ) | കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13713 നെൽ കർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ പെൻഷൻ നൽകിയിരുന്നു. |
| (ബി) | പ്രസ്തുത കൃഷിക്കാർക്ക് തുടർപെൻഷൻ ലഭിക്കുമോ ; | (ബി) | കിസാൻ അഭിമാൻ പദ്ധതി പ്രകാരം ആഗസ്റ്റ് 2009 മുതൽ സെപ്തംബർ 2011 വരെ പ്രതിമാസം 300/- രൂപ നിരക്കിൽ 13713 നെൽകർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ട്. ഒക്ടോബർ 2011 മുതൽ ജൂലൈ 2012 വരെയുള്ള 10 മാസത്തെ പെൻഷൻ കുടിശ്ശിക നൽകുവാനുണ്ട്. ഇതിനായി സപ്ലിമെന്ററി ഡിമാന്റ്ഗ്രാന്റ് പ്രകാരം 2011-12 വർഷത്തിൽ അനുവദിച്ചു കിട്ടിയ പത്ത് കോടിയിൽ നിന്നും കുടിശ്ശിക പെൻഷനും തുടർന്ന് പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പുതിയ പദ്ധതി എന്നാണ് നിലവിൽ വരുന്നത്; | (സി) | 13.2.2012 -ലെ സ.ഉ.(എം.എസ്) 26/12/കൃഷി പ്രകാരം 2 ഹെക്ടർ സ്ഥലം വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ചെറുകിട നാമമാത്ര |

കർഷക പെൻഷനുള്ള അപേക്ഷകൾ എല്ലാ കൃഷിഭവനുകളിലും 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട്. അർഹരായ കർഷകരുടെ ലിസ്റ്റ് , കാർഷിക വികസനസമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | രണ്ട് പദ്ധതികളും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ ? | (ഡി) | കിസാൻ അഭിമാൻ പദ്ധതി പ്രകാരം 1 ഹെക്ടറിൽ താഴെ ഭൂമിയുള്ളവരായ 60 വയസ്സ് പൂർത്തിയായ നെൽ കർഷകർക്കാണ് പെൻഷൻ നൽകി വരുന്നത്.<br>ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം 2 ഹെക്ടറിന് താഴെ ഭൂമിയുള്ള 60 വയസ്സ് പൂർത്തീകരിച്ച നെല്ല്, തെങ്ങ് , പച്ചക്കറി കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധവിളകൾ തുടങ്ങി ഏത് വിളകളും കൃഷി ചെയ്യുന്ന കർഷകന് ആനുകൂല്യം നൽകുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**